"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷനിൽ വിജിലൻസ് മിന്നൽപരിശോധനയിൽ (SC 04/22/EKM) കണ്ടെത്തിയ ക്രമക്കേടുകൾ- ഓവർസിയർ ശ്രീ.എംകെ. പ്രമോദിനെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1989/2026/LSGD തീയതി, തിരുവനന്തപുരം, 25-10-2026

---

പരാമർശം:-

1. വിജിലൻസ്(എഫ്) വകുപ്പിൽ നിന്നുള്ള 03.07.2023 -ലെ എഫ്2/340/2023/വിജി നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 30.05.2023-ലെ E10-(SC-4/2022/EKM) 18326/2022/DVACB നമ്പർ കത്ത്.
3. 21-06-2025-ലെ GO(Rt) No.1541/2025/LSGD.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.12.2025 ലെ LSGD/PD/9991/2024-VIGC4(2) റിപ്പോർട്ട്.
5. 17.03.2026 തീയതിയിലെ EWA3/204/2023-LSGD നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
6. ഓവർസീയർ ശ്രീ.എംകെ.പ്രമോദ് സമർപ്പിച്ച 18.06.2026-ലെ എതിർവാദ പത്രിക.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.07.2026 ലെ LSGD/PD/9991/2024-VIGC4 അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

"ഓപ്പറേഷൻ നിർമ്മാൺ" -ന്റെ ഭാഗമായി വിജിലൻസ് കൊച്ചി കോർപ്പറേഷനിൽ SC04/22/EKM നമ്പറായി നടത്തിയ മിന്നൽ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയതായി പരാമർശം (1), (2) പ്രകാരമുള്ള റിപ്പോർട്ട് ലഭിയ്ക്കുകയുണ്ടായി.

കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ നമ്പർ 899/1-ൽ സ്ഥിതിചെയ്യുന്ന ' ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ്" (File No.MOP2/coc/25502/2020) എന്ന മതപരമായ ഗണത്തിൽപ്പെടുന്ന ബിൽഡിംഗിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ പാർക്കിംഗിനായി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന സ്ഥലം അടച്ചുകെട്ടി മുറിയായി ഉപയോഗിക്കുന്നതായും ആയതിന്റെ നിലവിലുള്ള കെട്ടിടത്തിൽ ഉണ്ടായിരുന്ന ഓപ്പൺ ഫയൽ സ്റ്റെയർ മാറ്റങ്ങൾ വരുത്തി മറ്റു സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്നതായും വിജിലൻസ് കണ്ടെത്തിയിരുന്നു. ടി ബിൽഡിംഗിന്റെ പടിഞ്ഞാറുവശം സെറ്റ് ബാക്കിലേക്ക് അധിക നിർമ്മാണം നടത്തിയിട്ടുള്ളതായും, കൂടാതെ ടി കെട്ടിടത്തിന്റെ

കിഴക്കുവശം അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തിയിരുന്നു.

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ബിൽഡിംഗ് ഇൻസ്പെക്ടർ (ഇൻ.ചാർജ്) ശ്രീ.ടി.സജേഷ്.എസ്., അസി.എക്സി.എഞ്ചിനിയർ ശ്രീ.സുരേഷ്.കെ.ജി., എക്സി.എഞ്ചിനിയർ ശ്രീമതി അമ്പിളി.റ്റി.എ. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘുശിക്ഷയുള്ള കുററപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയും, ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പരാമർശം (3) പ്രകാരം ടി അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിരുന്നു.

എന്നാൽ, വിജിലൻസ് മിന്നൽ പരിശോധനയെ തുടർന്ന് ' ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ്' എന്ന ബിൽഡിംഗ് പ്ലാനിലെ അപാകതകൾ പരിശോധിക്കാത്തതിലും പാർക്കിംഗ് ഏരിയയിലെ മാറ്റങ്ങളും പ്ലാനിൽ ഉൾപ്പെടുത്താത്ത ടോയിലറ്റിന്റെ വിവരങ്ങളും ബിൽഡിംഗ് പ്ലാനിലെ അപാകതകളും റിപ്പോർട്ട് ചെയ്യാതിരുന്നതിലെ വീഴ്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, മുൻപ് ഡിവിഷൻ 6 ന്റെ പൂർണ്ണ ചുമതലയുണ്ടായിരുന്ന ഓവർസീയർ ശ്രീ.എം.കെ. പ്രമോദാണെന്ന് പിന്നീട് കണ്ടെത്തിയിരുന്നു. തുടർന്ന്, 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (5) പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

പ്രസ്തുത കുറ്റപത്രത്തിന് ഓവർസീയർ ശ്രീ.എം.കെ.പ്രമോദ് സമർപ്പിച്ച പരാമർശം (6) പ്രതിവാദ പത്രിക താഴെപ്പറയും പ്രകാരമാണ്.

പ്രസ്തുത കെട്ടിടത്തിൽ നിലവിലുള്ള കെട്ടിട നിർമ്മാണം മുൻകാലങ്ങളിൽ പൂർത്തീകരിച്ച് നിയമാനുസൃതമായി ഒക്യൂപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതാണെന്നും തുടർന്ന് സമർപ്പിച്ച അപേക്ഷ കെട്ടിടത്തിൻ്റെ കാലാവസ്ഥ സംരക്ഷണത്തിനായി സ്ഥാപിച്ചിരുന്ന ഷീറ്റ് റൂഫിംഗ് ക്രമവത്ക്കരിക്കുന്നതിന് മാത്രമായിരുന്നുവെന്നും ഇതിന് അനുമതി നൽകുന്നതിന് പാർക്കിംഗ് പരിഗണിക്കേണ്ട ആവശ്യമില്ലായെന്നും കൂടാതെ പരിശോധിച്ച് അനുമതിക്കായി ശുപാർശ ചെയ്ത പ്ലാനിൽ പാർക്കിംഗ് ഏരിയയിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായി പറഞ്ഞതിൽ, സ്ഥലം പരിശോധിക്കുമ്പോൾ ഈ പാർക്കിംഗ് പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നെന്നും എന്നാൽ ഈ റൂഫ് ചെയിഞ്ചിംഗ് റെഗുലറൈസേഷൻ ചെയ്തതിന് ശേഷം പ്രസ്തുത ഭാഗം അപേക്ഷകൻ കെട്ടി അടച്ചതായി മനസിലാക്കുന്നുവെന്നും പാർക്കിംഗ് നിലവിലുളള കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ അനുവദിക്കുന്ന സമയത്ത് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നതുമാണെന്നും, ആയതിന്റെ ഡ്രോയിംഗ് ഫയലിൽ ലഭ്യമാണെന്നും, കൂടാതെ ഈ കെട്ടിടത്തിന്റെ പുറകു വശത്ത് വരുന്ന ടോയ്ലറ്റ് പൊളിച്ചു നീക്കുകയാണെന്ന് കക്ഷി അറിയിച്ചിരുന്നത് മൂലമാണ് ഈ ടോയ്ലറ്റ് പ്ലാനിൽ രേഖപ്പെടുത്താതിരുന്നതെന്നും മേൽ അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിന് ശേഷം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കക്ഷി ഈ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കിയിട്ടുണ്ടെന്നും ടിയാൻ അറിയിച്ചിരുന്നു.

ഓവർസീയർ ശ്രീ.എം.കെ.പ്രമോദ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (7) അഭിപ്രായ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

ശ്രീ.പ്രമോദ് സമർപ്പിച്ച പ്രതിവാദപത്രിക, അന്വേഷണ റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിച്ചതിൽ, കണയന്നൂർ താലൂക്ക് സർവ്വേ നമ്പർ 899/1 ൽ സ്ഥിതി ചെയ്യുന്ന ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ്' എന്ന ബിൽഡിംഗ് പ്ലാനിലെ അപാകതകൾ

പരിശോധിയ്ക്കാത്തതിലും പാർക്കിംഗ് ഏരിയയിലെ മാറ്റങ്ങളും പ്ലാനിൽ ഉൾപ്പെടുത്താത്ത ടോയിലറ്റിൻറെ വിവരങ്ങളും ബിൽഡിംഗ് പ്ലാനിലെ അപാകതകളും റിപ്പോർട്ട് ചെയ്യാതിരുന്നതിലും ശ്രീ.എം കെ പ്രമോദിൻറെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിൽ പരിഗണിക്കപ്പെട്ടതും അനുവദിക്കപ്പെട്ടതും weather protection മാത്രമായിരുന്നു എന്നതിനാൽ അത് മാത്രമാണ് പരിഗണിച്ചത് എന്ന വിശദീകരണം തൃപ്തികരമല്ല. സൈറ്റിലേയും സമർപ്പിച്ചിരുന്ന പ്ലാനിലേയും വ്യത്യാസങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ചുമതല ഓവർസിയർക്ക് ഉണ്ടായിരുന്നു എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസ് റിപ്പോർട്ട്, ഓവർസീയർ ശ്രീ.എം.കെ.പ്രമോദ് സമർപ്പിച്ച പ്രതിവാദ പത്രിക, ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ താഴെപ്പറഞ്ഞവ വെളിവാകുന്നു.

ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ്' എന്ന ബിൽഡിംഗിന്റെ പ്ലാനിലെ അപാകതകൾ പരിശോധിക്കാത്തതും പാർക്കിംഗ് ഏരിയയിലെ മാറ്റങ്ങളും പ്ലാനിൽ ഉൾപ്പെടുത്താത്ത ടോയിലറ്റും റിപ്പോർട്ട് ചെയ്യാത്തതാണ് ശ്രീ.എം.കെ.പ്രമോദിനെതിരായ ആരോപണം.

നിലവിലുള്ള കെട്ടിട നിർമ്മാണം മുൻകാലങ്ങളിൽ പൂർത്തീകരിച്ച് നിയമാനുസൃതമായി ഒക്യൂപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതാണെന്നും തുടർന്ന് സമർപ്പിച്ച അപേക്ഷ കെട്ടിടത്തിന്റെ കാലാവസ്ഥ സംരക്ഷണത്തിനായി സ്ഥാപിച്ചിരുന്ന ഷീറ്റ് റൂഫിംഗ് ക്രമവത്ക്കരിയ്ക്കുന്നതിന് മാത്രമായിരുന്നുവെന്നും, ഇതിന് അനുമതി നൽകുന്നതിന് പാർക്കിംഗ് പരിഗണിക്കേണ്ട ആവശ്യമില്ലെന്നും, കൂടാതെ പരിശോധിച്ച് അനുമതിയ്ക്കായി ശുപാർശ ചെയ്ത പ്ലാനിൽ പാർക്കിംഗ് ഏരിയയിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായി പറഞ്ഞതിൽ, സ്ഥലം പരിശോധിക്കുമ്പോൾ ഈ പാർക്കിംഗ് പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നെന്നും എന്നാൽ ഈ റൂഫ് ചെയിഞ്ചിംഗ് റെഗുലറൈസേഷൻ ചെയ്തതിന് ശേഷം പ്രസ്തുത ഭാഗം അപേക്ഷകൻ കെട്ടി അടച്ചതായി ശ്രീ.എം.കെ.പ്രമോദ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ അറിയിച്ചിരുന്നു.

ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച് ഓഫ് ഗോഡ്' എന്ന ബിൽഡിംഗ് പ്ലാനിലെ അപാകതകൾ പരിശോധിയ്ക്കാത്തതിലും പാർക്കിംഗ് ഏരിയയിലെ മാറ്റങ്ങളും പ്ലാനിൽ ഉൾപ്പെടുത്താത്ത ടോയിലറ്റിന്റെ വിവരങ്ങളും ബിൽഡിംഗ് പ്ലാനിലെ അപാകതകളും റിപ്പോർട്ട് ചെയ്യാതിരുന്നതിലും ശ്രീ.എം കെ പ്രമോദിൻറെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയലിൽ പരിഗണിക്കപ്പെട്ടതും അനുവദിക്കപ്പെട്ടതും weather protection മാത്രമായിരുന്നു എന്നതിനാൽ അത് മാത്രമാണ് പരിഗണിച്ചത് എന്ന ടിയാന്റെ വിശദീകരണം തൃപ്തികരമല്ലായെന്നും സൈറ്റിലേയും സമർപ്പിച്ചിരുന്ന പ്ലാനിലേയും വ്യത്യാസങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ചുമതല ഓവർസിയർക്ക് ഉണ്ടായിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ അറിയിച്ചിരുന്നു. എന്നാൽ, കാലാവസ്ഥ സംരക്ഷണത്തിനായി കെട്ടിടത്തിൽ സ്ഥാപിച്ചിരുന്ന ഷീറ്റ് റൂഫിംഗ് ക്രമവത്ക്കരിയ്ക്കുന്നതുമായി ബന്ധപ്പെട്ടാണ് ടിയാൻ സ്ഥലപരിശോധന നടത്തിയത് എന്നും, കൂടാതെ ഈ കെട്ടിടത്തിന്റെ പുറകു വശത്ത് വരുന്ന ടോയിലറ്റ് പൊളിച്ചു നീക്കുകയാണെന്ന് കക്ഷി അറിയിച്ചിരുന്നത് മൂലമാണ് ഈ ടോയ്ലറ്റ് പ്ലാനിൽ രേഖപ്പെടുത്താതിരുന്നതെന്നും മേൽ അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിന് ശേഷം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കക്ഷി ഈ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കിയിട്ടുണ്ടെന്നും കുറ്റാരോപിതൻ അറിയിച്ച കാര്യം കൂടി അനുഭാവപൂർവ്വം പരിഗണിയ്ക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ, ഓവർസിയർ ശ്രീ.എം.കെ പ്രമോദിനെതിരെ (PEN 457036) , 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ , ടിയാന് അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം ' സെൻഷർ (Censure) ' നല്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീ.എം.കെ.പ്രമോദ് (PEN 457036), മുൻ ഓവർസീയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3. വിജിലൻസ് വകുപ്പ് ( 03.07.2023 ലെ വിജി- എഫ്2/340/2023/വിജി നമ്പർ കുറിപ്പ് പ്രകാരം)
4.ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5.അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് കേരള, തൃശ്ശൂർ)
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ളിയു. ബി) വകുപ്പ്
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 26-10-2026
07:23:33
സെക്ഷൻ ഓഫീസർ